പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1225 08/02/2013 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിലെ ഓൺലൈൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 04/08/2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/2010/വി.സ.വ. എന്ന ഉത്തരവു പ്രകാരം റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പത്തനംതിട്ട, കോട്ടയം, മലപ്പുറം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലും ഓൺലൈൻ പോക്കുവരവ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടന്നു വരുന്നു. |
| (ബി) എന്തെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നാഷണൽ ഇ- ഗവേണൻസ് പ്ലാനിന്റെ സഹായത്തോടെ ഐ.റ്റി. മിഷനും റവന്യൂ വകുപ്പിലെ സംസ്ഥാന ഐ.റ്റി. സെല്ലും ചേർന്ന് നടപ്പിലാക്കുന്ന ഇ- ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം വില്ലേജാഫീസുകളിൽ നിന്നും താലൂക്കുകളിൽ നിന്നും ലഭ്യമാകുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന നടപടികൾ വിജയകരമായി പുരോഗമിക്കുകയാണ്. ടി സർട്ടിഫിക്കറ്റുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ മുഴുവൻ വില്ലേജാഫീസുകളിൽ നിന്നും ബന്ധപ്പെട്ട അക്ഷയകേന്ദ്രങ്ങളിൽ നിന്നും ഒരു പൗരന് മേൽ പ്രസ്ഥാവിച്ച 23 സർട്ടിഫിക്കറ്റുകളും ഡിജിറ്റൽ ഒപ്പോടുകൂടി ലഭ്യമാവുന്നതാണ്. ഇതിനോടകം തന്നെ 13 ലക്ഷത്തോളം സർട്ടിഫിക്കറ്റുകൾ നൽകി |

കഴിഞ്ഞു. പത്തനംതിട്ട, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ ഈ പദ്ധതിയ്ക്ക് ഔദ്യോഗികമായി തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓൺലൈനായി പോക്കുവരവ് നടത്തുന്നതിലേയ്ക്കായി എൻ.ഐ.സി. യുടെയും, സ്റ്റേറ്റ് ഐ.റ്റി.സെല്ലിന്റെയും പ്രവർത്തനഫലമായി റെലിസ് (ReLIS) എന്ന പ്രോഗ്രാം തയ്യാറാക്കുകയും പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കീഴിൽ വരുന്ന 17 വില്ലേജുകളിൽ ആയത് നടപ്പിലാക്കിയിട്ടുള്ളതുമാണ്.

| | |
|---|---|
| (സി) ഓൺലൈൻ വഴി ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധികാരികത ഉണ്ട്; വിശദമാക്കുമോ ; | (സി) 2000 ലെ കേന്ദ്ര നിയമമായ സാങ്കേതിക വിദ്യാ ആക്ടിലെ (2000 ലെ 21-ാം കേന്ദ്ര ആക്ട്) 90(6) ഉം 6(എ) വകുപ്പിന്റെയും ചുവടുപിടിച്ച് പുറത്തിറക്കിയ 04/08/2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/2010/വി.സ.വ. പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ച തീയതി മുതൽ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം അനുവദിക്കുന്ന എല്ലാ ഓൺലൈൻ സർട്ടിഫിക്കറ്റുകളും നിയമസാധുത ഉള്ളതാണ്. കൂടാതെ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ചട്ടം 30(എ) (IV) എന്ന ഉപചട്ടം ഭേദഗതിയിലൂടെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ? | (ഡി) കേരള സംസ്ഥാന ഐ. റ്റി.മിഷൻ, റവന്യൂ ഐ.റ്റി.സെല്ലുകൾ, എൻ.ഐ.സി., അക്ഷയ എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## റവന്യൂ വകുപ്പിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ

| നമ്പർ | സർട്ടിഫിക്കറ്റ് |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ സർട്ടിഫിക്കററ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |